സീനിയർ അസിസ്റ്റന്റ്-I ന്റെ തസ്തികയിൽ പ്രമോഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയുമായി ബന്ധപ്പെട്ട തൊഴിൽ പ്രശ്നങ്ങളും മറ്റ് സേവന വേതന വ്യവസ്ഥകളും ചർച്ചചെയ്ത് പരിഹാരം കാണുന്നതിനായി ഗവൺമെന്റ് ഉത്തരവ് സ.ഉ.(സാധാ) നം.1910/2013/തൊഴിൽ തീയതി 21-11-2013 പ്രകാരം വ്യവസായബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി 28-2-2014-ലും 8-7-2014-ലും യോഗം ചേരുകയുണ്ടായി. നിലവിലുള്ള റെറ്റൽപ്പേഴ്സ് സർവ്വീസ് റൂൾ 1978, കോർപ്പറേഷൻ സർവ്വീസ് റൂൾസ് 1974 എന്നിവ പരിഷ്കരിച്ച് കോമൺ സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതിനും റിക്രൂട്ട്മെന്റ് പ്രമോഷൻ തയ്യാറാക്കുന്നതിനും എസ്. വിജയകുമാർ, അഡീഷണൽ സെക്രട്ടറി (റിട്ടയേർഡ്) -നെ ചുമതലപ്പെടുത്തുകയും ആയതിന്റെ കരട് രൂപം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് എല്ലാ സംഘടനകളിൽ നിന്നും ജീവനക്കാരിൽനിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ മനുഷ്യവിഭവശേഷി പഠിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ നിയോഗിച്ചിട്ടുമുണ്ട്.

(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന 140 ഔട്ട്ലെറ്റുകൾ ഉണ്ട്. ഒരു എംഎസ്.എം.-ന് ഔട്ട് ലെറ്റിന്റെ ഇൻചാർജായി ജോലി ചെയ്യാവുന്ന കാലം നിജപ്പെടുത്തിയിട്ടില്ല. ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാന് ചാർജ് അലവൻസ് നൽകുവാൻ നിലവിൽ ഉത്തരവുകൾ ഒന്നും ഇല്ല.

(ഇ) ഇതുസംബന്ധിച്ച ശുപാർശകളൊന്നും സർക്കാരിന്റെ മുൻപിൽ എത്തിയിട്ടില്ല.

മാവേലി ഹോട്ടലുകൾ

245 (7216) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി ഹോട്ടലുകൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

കോഴിക്കോട് കുണ്ടുപറമ്പ് മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക

246 (7217) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കുണ്ടുപറമ്പിലുള്ള മാവേലിസ്റ്റോറിന് വാടക നൽകുന്നതുമായി ബന്ധപ്പെട്ട 9247/സി/13/എഫ്.& സി.എസ്.ഡി. നമ്പർ ഫയൽ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് തീയതിസഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കോഴിക്കോട് പുതിയങ്ങാടി പ്രദേശത്തെ മാവേലി സ്റ്റോറിന്റെ കെട്ടിട വാടക സംബന്ധിച്ച കത്ത് 5-7-2013-ൽ സർക്കാരിൽ ലഭിച്ചിരുന്നു. മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത കത്തിന്റെ പകർപ്പ് 15-7-2013-ന് സപ്ലൈകോയ്ക്ക് നൽകിയിരുന്നു. കുണ്ടുപറമ്പ് മാവേലി സ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക സപ്ലൈകോ നൽകുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ബോർഡ് 23-12-2013-ൽ തീരുമാനിക്കുകയും ആയതിനുള്ള നിർദ്ദേശം കോഴിക്കോട് മേഖലാ മാനേജർക്ക് 18-1-2014-ന് നൽകുകയും ചെയ്തുവെന്ന് 4-7-2014-ലെ കത്ത് പ്രകാരം സപ്ലൈകോ സർക്കാരിനെ അറിയിച്ചിരുന്നു. കുണ്ടുപറമ്പ് മാവേലി സ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക കുടിശ്ശികയായ 70056 (എഴുപതിനായിരത്തി അൻപത്തി ആറ് രൂപ) കെട്ടിട ഉടമയ്ക്ക് 7-7-2014-ലെ 1022709 നമ്പർ ചെക്ക്പ്രകാരം നൽകിയിട്ടുള്ളതായി 8-7-2014-ൽ സപ്ലൈകോ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly